തിരഞ്ഞെടുപ്പ് മുന്നൊരുക്കം സജീവം

ജാതിയുടെയും സമുദായത്തിന്റെയും പേരിൽ വോട്ടു ചോദിക്കരുത്: കളക്ടർ

കാസർകോട്: തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിൽ ജാതിയുടെയും സമുദായത്തിന്റെയും പേരിൽ വോട്ടു തേടാൻ പാടില്ലെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻകൂടിയായ ജില്ലാ കളക്ടർ ഡി സജിത് ബാബു മുന്നറിയിച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തിരഞ്ഞെടുപ്പിന് മുന്നോടിയായി കളക്ടറേറ്റിൽ ചേർന്ന രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മുസ്ലീം ദേവാലയങ്ങൾ, ക്ഷേത്രങ്ങൾ, ക്രിസ്ത്യൻ പള്ളികൾ, മറ്റ് ആരാധനാസ്ഥലങ്ങൾ, മതസ്ഥാപനങ്ങൾ എന്നിവ തെരഞ്ഞെടുപ്പ് പ്രചരണത്തിനുള്ള വേദിയായി ഉപയോഗിക്കാൻ പാടില്ല. വിവിധ ജാതികളും സമുദായങ്ങളും തമ്മിൽ മതപരമോ, ഭാഷാ പരമോ ആയ സംഘർഷങ്ങൾ ഉളവാക്കുന്നതോ, നിലവിലുള്ള ഭിന്നതകൾക്ക് ആക്കം കൂട്ടുന്നതോ, പരസ്പരം വിദ്വേഷം ജനിപ്പിക്കുന്നതോ ആയ ഒരു പ്രവർത്തനത്തിലും രാഷ്ട്രീയ കക്ഷികളോ, സ്ഥാനാർത്ഥികളോ ഏർപ്പെടുവാൻ പാടില്ല. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് മൂന്ന് വർഷം വരെ തടവോ, പതിനായിരം രൂപവരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുമെന്ന് കളക്ടർ പറഞ്ഞു.

മറ്റ് രാഷ്ട്രീയ കക്ഷികളെ വിമർശിക്കുമ്പോൾ അത് അവരുടെ നയങ്ങളിലും പരിപാടികളിലും പൂർവ്വകാല ചരിത്രത്തിലും പ്രവർത്തനങ്ങളിലും മാത്രമായി ഒതുക്കി നിറുത്തണം.മറ്റു കക്ഷികളുടെ നേതാക്കന്മാരുടെയും പ്രവർത്തകരുടെയും പൊതു പ്രവർത്തനവുമായി ബന്ധമില്ലാത്ത സ്വകാര്യ ജീവിതത്തിന്റെ വിവിധ വശങ്ങളെ കുറിച്ച് രാഷ്ട്രീയ കക്ഷികളും സ്ഥാനാർത്ഥികളും വിമർശിക്കരുത്. അടിസ്ഥാന രഹിതമായതോ,വളച്ചൊടിച്ചതോ ആയ ആരോപണങ്ങൾ ഉന്നയിച്ച് മറ്റ് കക്ഷികളെയും അവയിലെ പ്രവർത്തകരെയും വിമർശിക്കാൻ പാടില്ല.

ഒരു വ്യക്തിയുടെ രാഷ്ട്രീയാഭിപ്രായങ്ങളോടും പ്രവർത്തനങ്ങളോടും മറ്റു രാഷ്ട്രീയ കക്ഷികൾക്കും സ്ഥാനാർത്ഥികൾക്കും എത്രതന്നെ എതിർപ്പുണ്ടായാലും സമാധാനപരമായും സ്വസ്ഥമായും സ്വകാര്യ ജീവിതം നയിക്കുന്നതിനുള്ള അയാളുടെ അവകാശത്തെ മാനിക്കണം.വ്യക്തികളുടെ അഭിപ്രായങ്ങളിലും പ്രവർത്തനങ്ങളിലും പ്രതിഷേധം രേഖപ്പെടുത്തുന്നതിനായി അവരുടെ വീടുകൾക്ക് മുമ്പിൽ പ്രകടനങ്ങൾ സംഘടിപ്പിക്കുക, പിക്കറ്റു ചെയ്യുക തുടങ്ങിയ രീതികൾ ഒരു കാരണവശാലും അവലംബിക്കരുത്. ഒരു വ്യക്തിയുടെ സ്ഥലം,കെട്ടിടം,മതിൽ തുടങ്ങിയവ അയാളുടെ അനുവാദം കൂടാതെ കൊടിമരം നാട്ടുന്നതിനോ,ബാനറുകൾ കെട്ടുന്നതിനോ, പരസ്യം ഒട്ടിക്കുന്നതിനോ മുദ്രാവാക്യങ്ങൾ എഴുതുന്നതിനോ ഉപയോഗിക്കാൻ രാഷ്ട്രീയകക്ഷികളോ,സ്ഥാനാർത്ഥികളോ അവരുടെ അനുയായികളെ അനുവദിക്കാൻ പാടില്ല.സർക്കാർ ഓഫീസുകളിലും അവയുടെ കോമ്പൗണ്ടിലും പരിസരത്തും ചുവർ എഴുതാനോ,പോസ്റ്റർ ഒട്ടിക്കാനോ, ബാനർ,കട്ട് ഔട്ട് തുടങ്ങിയ സ്ഥാപിക്കാനോ പാടില്ല. പൊതുജനങ്ങൾക്ക് അസൗകര്യമോ,ശല്യമോ ഉാക്കുന്ന വിധത്തിൽ പ്രചരണ സാമഗ്രികൾ(കൊടി,ബാനർ,പോസ്റ്റർ,കട്ടൗട്ട് തുടങ്ങിയവ) സ്ഥാപിക്കാൻ പാടില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മൈതാനങ്ങൾ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട രാഷ്ട്രീയ പ്രചരണങ്ങൾക്കോ,റാലികൾക്കോ ഉപയോഗിക്കരുത്.പരസ്യങ്ങൾക്ക് വേണ്ടിവരുന്ന ചെലവ് സ്ഥാനാർത്ഥികളുടെ തെരഞ്ഞെടുപ്പ് ചെലവിൽ ഉൾപ്പെടുത്തും.

ഏതെങ്കിലും സ്ഥാനാർത്ഥിക്കോ,സമ്മതിദായകനോ അവർക്ക് താൽപര്യമുള്ള വ്യക്തികൾക്കോ എതിരെ സാമൂഹിക ബഹിഷ്കരണം,സാമൂഹിക ജാതിഭ്രഷ്ട് തുടങ്ങിയ ഭീഷണികൾ ഉയർത്തരുത്.

നഗരസഭകളിൽ പോളിങ് സ്റ്റേഷന്റെ 100 മീറ്റർ ചുറ്റളവിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ട് തേടരുത്. വോട്ടെടുപ്പ് ദിവസം നഗരസഭകളുടെ കാര്യത്തിൽ പോളിങ് സ്റ്റേഷന്റെ 100 മീറ്റർ ചുറ്റളവിലും പഞ്ചായത്തിന്റെ കാര്യത്തിൽ 200 മീറ്ററിനുള്ളിലും വോട്ട് തേടുക, വോട്ടെടുപ്പ് അവസാനിപ്പിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയത്തിന് തൊട്ടുമുമ്പുള്ള 48 മണിക്കൂർ സമയത്ത് പൊതുയോഗങ്ങൾ നടത്തുക, സമ്മതിദായകർക്ക് കൈക്കൂലി നൽകുക, ഭീഷണിപ്പെടുത്തുക, സമ്മതിദായകരായി ആൾമാറാട്ടം നടത്തുക, പോളിങ് സ്റ്റേഷനിലേക്കും അവിടെ നിന്ന് തിരികെയും സമ്മതിദായകരെ വാഹനങ്ങളിൽ കൊണ്ടു പോകുക തുടങ്ങിയവ തെരഞ്ഞെടുപ്പ് നിയമപ്രകാരമുള്ള കുറ്റകൃത്യങ്ങളാണ്.യോഗത്തിൽ ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു ആധ്യക്ഷം വഹിച്ചു.തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ജില്ലയിൽ ഒരുക്കങ്ങൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ ജില്ലാകളക്ടർ ഡോ ഡി സജിത് ബാബു നിർദ്ദേശം നൽകി. കളക്ടറേറ്റിൽ ചേർന്ന ജില്ലാതല നോഡൽഓഫീസർമാരുടെയും ആർ ഒ മാരുടെയും യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ പരാതി പരിഹാര സെൽ ഒരുക്കും. ഉദ്യോഗസ്ഥർക്കുള്ള തെരഞ്ഞെടുപ്പ് പരിശീലനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് കളക്ടർ യോഗത്തിൽ പറഞ്ഞു.

പൊതുസ്ഥലങ്ങളിൽ പ്രചരണ സാമഗ്രികൾ നീക്കം ചെയ്യുന്നതുൾപ്പെടെ മാതൃക പെരുമാറ്റ ചട്ടം ലംഘിച്ചാൽ നടപടി സ്വീകരിക്കാൻ ആന്റി ഡിഫെയ്സ്മെന്റ് സ്‌ക്വാഡ് തലവനായി എൽ എ (എൻ എച്ച്) കാഞ്ഞങ്ങാട് ഡിവിഷൻ തഹസിൽദാർ രത്നാകരനെ (9496830755)ചുമതലപ്പെടുത്തിയതായി അറിയിച്ചു.

അതിർത്തികളിൽ പരിശോധന ശക്തമാക്കും

തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കർണ്ണാടകയിൽ നിന്ന് ജില്ലയിലേക്കുള്ള 17 അതിർത്തി ചെക്ക് പോസ്റ്റുകളിൽ പരിശോധന ശക്തമാക്കാൻ ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. നിലവിൽ ഈ 17 അതിർത്തിപോയിന്റുകളിലും പരിശോധന ആരംഭിച്ചിട്ടുണ്ട്. അനധികൃതമായി പണം, ആയുധങ്ങൾ, മദ്യം എന്നിവ കടത്തുന്നത് തടയും. നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ പൊതുജനങ്ങൾ അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ വിവരം അറിയിക്കണം. തെരഞ്ഞെടുപ്പിന് മുന്നോടിയായി വനം വകുപ്പിന്റെ നേതൃത്വത്തിൽ വനമേഖലയിൽ പരിശോധന ശക്തമാക്കും. ആർ ടി ഒ യുടെ നേതൃത്വത്തിൽ വാഹന പരിശോധന ശക്തമാക്കാനും തീരുമാനിച്ചു.എക്സ്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വ്യാപകമായി റെയ്ഡ് നടത്തും.തെരഞ്ഞെടുപ്പിന് മുന്നോടിയായി ദക്ഷിണ കന്നഡ, കൂർഗ് ജില്ലകളിലെ ഡെപ്യൂട്ടി കമ്മീഷണർമാരുമായി ചർച്ച നടത്താനും ധാരണയായി. പ്രശ്ന ബാധിത ബൂത്തുകളിലെ സുരക്ഷാ സംവിധാനങ്ങൾ യോഗം വിലയിരുത്തി.

വ്യക്തിഹത്യ: മൂന്നുവർഷം തടവും 10000 രൂപ പിഴയും

തെരഞ്ഞെടുപ്പ് പ്രചരണ സാമഗ്രികൾ അച്ചടിക്കുമ്പോൾ, എതിർ സ്ഥാനാർത്ഥികളെ വ്യക്തിഹത്യ നടത്തുന്ന പരാമർശങ്ങൾ പാടില്ലായെന്ന് ജില്ലാ കളക്ടർ ഡോ ഡി സജിത് ബാബു പറഞ്ഞു. തെരഞ്ഞെടുപ്പ് പ്രചരണ സാമഗ്രികൾ അച്ചടിക്കുമ്പോൾ ഏത് സ്ഥാനാർത്ഥിക്ക് വേണ്ടിയാണ് അച്ചടിക്കുന്നത്,എവിടെ നിന്നാണ് അച്ചടിക്കുന്നത്, എത്ര കോപ്പിയാണ് അച്ചടിക്കുന്നത് എന്ന് പ്രചരണ സാമഗ്രികളിൽ പ്രത്യേകം രേഖപ്പെടുത്തണം. നോട്ടീസിന്റെ മാസ്റ്റർ കോപ്പി പ്രത്യേക രജിസ്റ്ററായി സൂക്ഷിക്കണം. ഇത്തരം കാര്യങ്ങളിൽ വീഴ്ച വരുത്തുന്നവർക്ക് മൂന്ന് വർഷം വരെ തടവോ, 10000 രൂപവരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷ ലഭിക്കുമെന്ന് കളക്ടർ പറഞ്ഞു.

അന്തരിച്ചു

എം.പി.ഇസ്മായിൽ

അഡൂർ: പൗരപ്രമുഖനും അഡൂരിലെ ആദ്യകാല വ്യാപാരിയുമായ എം.പി.ഇസ്മായിൽ(75) അന്തരിച്ചു. പരേതനായ എം.പി.അന്തുഞ്ഞി ഹാജിയുടെ സഹോദരനാണ്. ഭാര്യ: ജമീല, മക്കൾ: മൊയ്തീൻ കുഞ്ഞി, ബുഷ്റ. മരുമകൻ: യൂസുഫ് മണ്ടക്കോൽ.

സോമയ്യ ആചാര്യ

മൗവ്വാർ: തലബൈലുവിലെ സോമയ്യ ആചാര്യ(60) അന്തരിച്ചു. സ്വർണ്ണപ്പണിക്കാരനാണ്. ഭാര്യ: പുഷ്പ. മക്കൾ: പൂർണ്ണിമ. സഹോദരങ്ങൾ: നേത്രാവതി, നാരായണ.

അസുഖത്തെ തുടർന്ന് വീട്ടമ്മ മരിച്ചു

മുളിയാർ: മുതലപ്പാറ എസ്.സി. കോളനിയിലെ അനിലിന്റെ ഭാര്യ ശാരദ (42) അന്തരിച്ച. കാൻസർ ബാധിച്ച് ചികിത്സയിലായിരുന്നു. മുളിയാർ ഗ്രാമ പഞ്ചായത്ത് മുൻ ജീവനക്കാരനായിരുന്ന പരേതനായ മോഹൻദാസ്, കല്ല്യാണി ദമ്പതികളുടെ മകളാണ്. മക്കൾ: ആശമോൾ, അഭിലാഷ്.സഹോദരങ്ങൾ: സുശീല, മധു, ഭാരതി, മാളു, പുരുഷോത്തമൻ (ജനശ്രീ മിഷൻ മണ്ഡലം കൺവീനർ).

കടന്നൽകുത്തേറ്റ് വീട്ടമ്മ മരിച്ചു

തൃക്കരിപ്പൂർ: കടന്നൽ കുത്തേറ്റ് വയോധിക മരിച്ചു. തൃക്കരിപ്പൂർ കൈക്കോട്ടുകടവിലെ പരേതനായ കുഞ്ഞിമൊയ്തീൻ ഹാജിയുടെ ഭാര്യ എം ഖദീജ (70) ആണ് കടന്നൽ കുത്തേറ്റ് മരിച്ചത്.

മൊട്ടമ്മൽ വയലോടി കടവിലെ പറമ്പിൽ തേങ്ങ പറിക്കുന്നിടത്തേക്ക് പോയതായിരുന്നു. ഇതിനിടയിലാണ് കടന്നൽ ആക്രമണമുണ്ടായത്. ഖദീജയെ ഉടൻ പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല. ഒപ്പമുണ്ടായിരുന്ന മകൾ മൈമൂന(50), മറ്റൊരു മകളുടെ മക്കളായ മഷൂർ(20), തഹ്സീൻ(18) എന്നിവർക്കും കടന്നൽല കുത്തേറ്റു. മറ്റു മക്കൾ: അഷ്റഫ്, സുഹറ, താഹിറ, ബുഷ്റ. മരുമക്കൾ: അബൂബക്കർ, നാസർ, കാസിം, യൂനുസ്, ഷമീമ.

തോടല്ല...റോഡ്: പുത്തിഗെ പഞ്ചായത്തിലെ ഗോളിത്താറു റോഡ് ചെളിക്കുളമായ നിലയിൽ

"അധികൃതർക്കിത് റോഡ്; ഞങ്ങൾക്ക് ചെളിക്കുളം"

പുത്തിഗെ: അവിടവിടെ കുഴികളും അതിലൊക്കെ ചെളിവെള്ളവുമുള്ള ഒരു വഴിയുണ്ട് പുത്തിഗെ പഞ്ചായത്തിൽപ്പെട്ട മണിയംപാറ ദേരഡുക്കയ്ക്കടുത്ത് ഗോളിത്താറുവിൽ. അധികൃതർ അതിനെ റോഡെന്നു വിളിക്കുമെങ്കിലും ഞങ്ങൾക്ക് അത് ചെളിക്കുളം മാത്രമാണെന്ന്- ഗോളിത്താറു നിവാസികൾ പറയുന്നു. വാഹനയാത്ര പോയിട്ട് കാൽനടയാത്ര പോലും ഈ റോഡിൽ അസാധ്യമായതായി നാട്ടുകാർ പരിതപിക്കുന്നു. ഗോളിത്താറുവിലെയും പെർളയിലെയും സ്കൂൾ കുട്ടികളടക്കമുള്ള നിരവധി പേർ കാൽനടയാത്രയ്ക്കും ഇരു ചക്രവാഹനങ്ങളിൽ പോകാനുമായി പ്രധാനമായും ഉപയോഗിച്ചുവരുന്ന റോഡാണ് ഇപ്പോൾ റോഡേതാ... തോടേതാ... എന്നറിയാത്ത വിധത്തിലായിട്ടുള്ളത്. ഇതേ റോഡിന്റെ ഇഡ്യാള ഭാഗത്ത് ഒരു കിലോ മീറ്റർ ഭാഗം ടാറിംഗ് ചെയ്ത് മനോഹരമാക്കിയിട്ടുണ്ട്. എന്നാൽ ഗോളിത്താറുവിലെത്തിയപ്പോൾ റോഡുപണിക്കുള്ള ടാറും ജല്ലിയും തീർന്നുപോയെന്നു നാട്ടുകാർ പരിഹസിക്കുന്നു.

തകർന്നു തരിപ്പണമായ ഈ റോഡ് കോൺക്രീറ്റ് ചെയ്തോ ടാറിട്ടോ ഗതാഗതയോഗ്യമാക്കിയാൽ സമീപത്തെ നിരവധി വീട്ടുകാർക്ക് അതു വലിയ ആശ്വാസമാകും. ഉടൻ റോഡു പണിയാരംഭിക്കണമെന്നാണ് അധികൃതരോടുള്ള നാട്ടുകാരുടെ അപേക്ഷ.

ഇന്നത്തെ സ്വർണ്ണ വില
ഗ്രാമിന്: 4720
പവന്: 37760
CITY GOLD
GOLD & DIAMONDS
THE GLOW OF PURITY
KERALA - KARNATAKA
PH : 04994 225095/220695
citygoldgroups.com

കോവിഡ്: 5401 പേർ നിരീക്ഷണത്തിൽ

കാസർകോട്: ജില്ലയിൽ വീടുകളിൽ 4842 പേരും സ്ഥാപനങ്ങളിൽ 559 പേരുമുൾപ്പെടെ 5401 പേരാണ് നിരീക്ഷണത്തിലുള്ളത്. പുതിയതായി 520 പേർ നിരീക്ഷണത്തിലുണ്ട്. സെന്റിനൽ സർവ്വേ അടക്കം പുതിയതായി 1227 സാമ്പിളുകൾ കൂടി പരിശോധനയ്ക്ക് അയച്ചു. 274 പേരുടെ പരിശോധനാ ഫലം ലഭിക്കാനുണ്ട്. 94 പേർ നിരീക്ഷണ കാലയളവ് പൂർത്തിയാക്കി. 75 പേരെ ആശുപത്രികളിലും കോവിഡ് കെയർ സെന്ററുകളിലുമായി പ്രവേശിപ്പിച്ചു. ആശുപത്രികളിൽ നിന്നും കോവിഡ് കെയർ സെന്ററുകളിൽ നിന്നും 91 പേരെ ഡിസ്ചാർജ് ചെയ്തു.

19871 പേർക്കാണ് ജില്ലയിൽ ഇതുവരെ കോവിഡ് സ്ഥിരീകരിച്ചത്. ഇതിൽ 984 പേർ വിദേശത്ത് നിന്നെത്തിയവരും 765 പേർ ഇതരസംസ്ഥാനത്ത് നിന്നെത്തിയവരും 18122 പേർക്ക് സമ്പർക്കത്തിലൂടെയുമാണ് രോഗം സ്ഥിരീകരിച്ചത്. 18277 പേർക്ക് ഇതുവരെ കോവിഡ് നെഗറ്റീവായി.

ഗൂഗിൾ മാപ്പ് ചതിച്ചു... ഫെയ്സ്ബുക്ക് പ്രണയത്തിലെ കാമുകിയെ തേടി എത്തിയ 19 കാരനെ പൊലീസ് പൊക്കി!

നീലേശ്വരം: ഫെയ്സ് ബുക്ക് വഴി പരിചയപ്പെട്ട കാമുകിയുടെ വീട് ഗൂഗിൾമാപ്പ് ഉപയോഗിച്ച് കണ്ടെത്താനുള്ള ശ്രമത്തിനിടയിൽ നീലേശ്വരം സ്വദേശിയായ പത്തൊൻപതുകാരൻ പയ്യന്നൂർ പൊലീസിന്റെ പിടിയിൽ. തൃക്കരിപ്പൂർ സ്വദേശിനിയായ പതിനാറുകാരിയുമായാണ് യുവാവ് ഫെയ്സ്ബുക്ക് വഴി പ്രണയത്തിലായത്. പ്രണയം കഠിനമായതോടെ കാമുകിയെ നേരിട്ട് കാണാൻ തീരുമാനിക്കുകയായിരുന്നു. ഇതേ തുടർന്ന് ഗൂഗിൾ മാപ്പ് ഉപയോഗിച്ച് കാമുകിയുടെ വീട്ടിൽ രാത്രി എത്താനായിരുന്നു പദ്ധതിയിട്ടത്.

അങ്ങനെ നീലേശ്വരത്ത് നിന്ന് തൃക്കരിപ്പൂർ ഒളവറയിലെ കാമുകിയുടെ വീട്ടിലേക്ക് തിരിച്ചു. ഏകദേശം രാത്രി 12.30 വോടെ കണ്ണൂർ- കാസർകോട് ജില്ലാ അതിർത്തിയായ ഒളവറ പാലത്തിനടുത്തെത്തി. ഗൂഗിൾ മാപ്പ് കൃത്യമായി അവിടെവരെ കൊണ്ടെത്തിച്ചുവെങ്കിലും കാമുകിയുടെ വീട്ടിലേക്കുള്ള വഴി തിരിച്ചറിയാനാകാതെ കുഴങ്ങി നിൽക്കുന്നതിനിടയിലാണ് നൈറ്റ് പട്രോളിംഗ് നടത്തുകയായിരുന്ന പൊലീസ് സംഘം അവിടെ എത്തിയത്.

പൊലീസിനെ കണ്ട ഉടൻ യുവാവ് പരുങ്ങി. ഇതോടെ പൊലീസ് അടുത്തെത്തി കാര്യങ്ങൾ തിരക്കി നീലേശ്വരത്തുകാരന് അർധരാത്രിയിൽ ഇവിടെ എന്ത് കാര്യം എന്ന ചോദ്യം യുവാവിനെ വെട്ടിലാക്കി. ഒടുവിൽ പൊലീസിന്റെ ചോദ്യം ചെയ്യലിൽ എല്ലാ സത്യവും തുറന്നു പറഞ്ഞു. ഇതുവരെ നേരിൽ കണ്ടിട്ടില്ലെന്നും കാമുകി ആവശ്യപ്പെട്ടതു പ്രകാരമാണ് എത്തിയതെന്നും യുവാവ് പറഞ്ഞു. ഒടുവിൽ യുവാവിനെ പൊലീസ് കസ്റ്റഡിയിലെടുത്ത് സ്റ്റേഷനിലെത്തിച്ചു. ഇതിനിടയിൽ 1.45 ആയപ്പോൾ യുവാവിന്റെ ഫോണിലേക്ക് കാമുകിയുടെ ഫോൺ വന്നു. ഫോൺ എടുത്ത പൊലീസ് അങ്ങോട്ട് എന്തെങ്കിലും പറയുന്നതിന് മുമ്പ് തന്നെ പെൺകുട്ടി പ്രണയ പരവശയായി. താൻ ഉറങ്ങാതെ കാത്തിരിക്കുകയാണെന്നും എവിടെ എത്തിയെന്നുമായിരുന്നു ചോദ്യം.എന്നാൽ പൊലീസ് മറുപടിയൊന്നും പറയാതെ ഫോൺ കട്ട് ചെയ്യുകയും ചെയ്തു. പിന്നെയും നിരന്തരം കോളുകളും മെസേജുകളും വന്നുകൊണ്ടിരുന്നു. സത്യം മനസ്സിലാക്കിയ പൊലീസ് നേരം പുലർന്നപ്പോൾ യുവാവിന്റെ വീട്ടിൽ വിളിച്ചറിയിച്ച് താക്കീതും ചെയ്ത് വിട്ടയക്കുകയായിരുന്നു.

ബസ് സ്റ്റാന്റിൽ അടി; രണ്ടു പേർക്കെതിരെ കേസ്

ബദിയഡുക്ക: ബസ് സ്റ്റാന്റ് പരിസരത്ത് വാക്കേറ്റവും സംഘട്ടനവും നടത്തിയ രണ്ടുപേരെ ബദിയഡുക്ക പൊലീസ് അറസ്റ്റു ചെയ്തു.

ബേളയിലെ അബ്ദുള്ള കുഞ്ഞി(37), മാവിനക്കട്ടയിലെ അഷ്റഫ് (31) എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കോവിഡ് മാനദണ്ഡം ലംഘിച്ചതിന് ഇവർക്കെതിരെ കേസെടുത്തു.

ആയംകടവിൽ മണൽകടത്തിനിടെ പിടികൂടിയ ടിപ്പർ ലോറി

ആയംകടവിൽ മണൽ കടത്ത്; ടിപ്പറുമായി ഡ്രൈവർ അറസ്റ്റിൽ

പെർളടുക്കം: ആയംകടവ് പാലത്തിന് സമീപത്ത് നിന്ന് പുഴ മണൽ കടത്തുകയായിരുന്ന ടിപ്പർ ലോറി ബേഡകം പൊലീസ് പിടികൂടി. ഡ്രൈവർ കൊളത്തൂർ, പെർളടുക്കത്തെ അനിരുദ്ധ (33)നെ ബേഡകം എസ് ഐ മുരളീധരന്റെ നേതൃത്വത്തിലുള്ള പൊലീസ് സംഘം അറസ്റ്റ് ചെയ്തു. ആയംകടവ് പുഴയിൽ നിന്ന് രാത്രികാലങ്ങളിൽ വ്യാപകമായി മണൽ വാരുന്നതായി ബേഡകം ഇൻസ്പെക്ടർക്ക് വിവരം ലഭിച്ചിരുന്നു. ഇതേ തുടർന്നാണ് എസ് ഐയുടെ നേതൃത്വത്തിൽ ഇന്ന് പുലർച്ചെ പൊലീസ് മണൽ വേട്ട നടത്തിയത്. പൊലീസുകാരായ മനുരാജ്, വിനോദ് എന്നിവരും റെയ്ഡിൽ പങ്കെടുത്തു.

ഓംമ്നിവാനിൽ കടത്തിയ മണൽ പിടികൂടി; ഡ്രൈവർ രക്ഷപ്പെട്ടു

ഉപ്പള:ഓംമ്നി വാനിൽ ചാക്കിൽ നിറച്ച് കടത്തുകയായിരുന്ന മണൽ പൊലീസ് പിടികൂടി. ഡ്രൈവർ ഓടി രക്ഷപ്പെട്ടു.

ഇന്നലെ അർധരാത്രി ഉപ്പള ഐല പാറക്കട്ട റോഡിൽ വെച്ചാണ് മഞ്ചേശ്വരം പൊലീസ് മണൽകടത്ത് പിടികൂടിയത്.രഹസ്യവിവരത്തെ തുടർന്നാണ് പൊലീസ് പരിശോധനക്കെത്തിയത്. പൊലീസിനെ കണ്ടയുടൻ ഓംമ്നി വാൻ ഉപേക്ഷിച്ച് ഡ്രൈവർ രക്ഷപ്പെടുകയായിരുന്നു.അൻപത് ചാക്കിലധികം മണലാണ് വാനിൽ ഉണ്ടായിരുന്നത്.

ഓംമ്നി വാനിൽ കടത്തവെ പിടിയിലായ പൂഴിച്ചാക്കുകൾ

മുഹിമ്മാത്ത് ബഹറൈൻ കമ്മറ്റി
ജൽസെ
മ ഹബ്ബ
നവം വെള്ളി

മുഹിമ്മാത്ത് ബഹ്റൈൻ കമ്മിറ്റി നടത്തിയ 'ജൽസെ മഹബ്ബ-2020 ' സൂം ക്ലൗഡ് മീറ്റിൽ മുഹിമ്മാത്ത് അക്കാദമിക് സെക്രട്ടറി സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ മുഖ്യ പ്രഭാഷണം നടത്തുന്നു

മുഹിമ്മാത്ത് ബഹ്റൈൻ ജൽസെ മഹബ്ബ ശ്രദ്ധേയമായി

പുത്തിഗെ :സ്നേഹത്തിന്റെയും സഹിഷ്ണുതയുടെയും ഐക്യത്തിന്റെയും നബിസന്ദേശങ്ങൾ ഉയർത്തിപ്പിടിച്ചു മുഹിമ്മാത്ത് ബഹ്റൈൻ കമ്മിറ്റി നടത്തിയ 'ജൽസെ മഹബ്ബ' സൂം ക്ലൗഡ് മീറ്റ് ശ്രദ്ധേയമായി. സയ്യിദ് ഹാമിദ് അൻവർ അഹ്ദൽ തങ്ങളുടെ അധ്യക്ഷതയിൽ ഐ സിഎഫ് ബഹ്റൈൻ നാഷണൽ ജനസെക്രട്ടറി അബ്ദുൽ കരീം ഹാജി ഉത്ഘാടനം ചെയ്തു. മുഹിമ്മാത്ത് അക്കാഡമിക് സെക്രട്ടറി സയ്യിദ് മുനീറുൽ അഹ്ദൽ തങ്ങൾ മുഖ്യ പ്രഭാഷണം നടത്തിസമാപന പ്രാർത്ഥനക്ക് സയ്യിദ് യാസീൻ മുഹമ്മദ് അൽ ഐദറൂസി തങ്ങൾ കല്ലക്കട്ട നേതൃത്വം നൽകി. സയ്യിദ് അസ്ഹർ തങ്ങൾ, അബ്ബാസ് മുസ്ലിയാർ ചേരൂർ ,ഇബ്രാഹിം സഅദി,അബൂബക്കർ ലത്തീഫി, അബ്ദുൽ റഹീം സഖാഫി, പി എം അബ്ദുൽ റഹ്മാൻ മുസ്‌ലിയാർ, മമ്മൂട്ടി മുസ്‌ലിയാർ വയനാട്,മജീദ് സഅദി, ജമാലുദ്ദീൻ, അഷ്ഫ്, അബ്ദുൽ റസാഖ് ഹാജി, അബ്ദുൽ ഖാദിർ സഖാഫി,അബ്ദുൽ റഹ്മാൻ അഹ്സനി, ഉമർ സഖാഫി, മൂസ സഖാഫി തുടങ്ങിയവർ പ്രസംഗിച്ചു. ഷാഫി മുഹിമ്മാത്ത് നഗർ സ്വാഗതവും അബൂബക്കർ സഖാഫി നന്ദിയും പറഞ്ഞു.

ലീഗിനെതിരെയുള്ള സി പി എം ആരോപണം ദുഷിച്ചു നാറ്റത്തിൽ നിന്നു രക്ഷപ്പെടാൻ: ലീഗ്

കാസർകോട്: സ്വർണ്ണ , മയക്ക് മരുന്ന് കടത്ത് കേസുകളിൽ ആരോപണ വിധേയമായി ഇടത് സർക്കാറും സി.പി.എമ്മും ദുഷിച്ച് നാറുന്നതിൽ നിന്നും ജനശ്രദ്ധ തിരിച്ചുവിടാനാണ് സി.പി.എം. മുസ്ലിം ലീഗിനെതിരെ കള്ള പ്രചരണം നടത്തുന്നതെന്നു മുസ്ലീം ലീഗ് ജില്ലാ നേതൃയോഗം അഭിപ്രായപ്പെട്ടു.

ഒട്ടനവധി പണമിടപാട് കേസുകളിലും മറ്റും മധ്യസ്ഥ്യം വഹിച്ച് വാക്ക് പാലിക്കാൻ കഴിയാത്ത ജില്ലയിലെ സി.പി.എം. നേതൃത്വം മുസ്ലിം ലീഗിനെ പഴിചാരുകയാണ്.നട്ടാൽമുളക്കാത്ത ഇത്തരം നുണ പ്രചരണങ്ങൾ പ്രബുദ്ധരായ ജനങ്ങൾ തള്ളിക്കളയുമെന്ന് യോഗം അഭിപ്രായപ്പെട്ടു.തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് ആസന്നമായ ഘട്ടത്തിൽ രാഷ്ട്രീയ ലക്ഷ്യം മുൻനിർത്തി നടത്തുന്ന ഇത്തരം പ്രചരണങ്ങൾ സി.പി.എം. അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു. മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ടും മുൻ എം.എൽ.എ.യുമായിരുന്ന സി.മോയിൻകുട്ടി, മുസ്ലിം ലീഗ് നേതാവും ചെങ്കള ഗ്രാമപഞ്ചായത്ത് മുൻപ്രസിഡണ്ടുമായിരുന്ന സി.ബി. അബ്ദുല്ല ഹാജി ചെങ്കള ,സി.അഹമ്മദ് മുസ്ലിയാർ ചെർക്കള, മാണിക്കോത്ത് ശാഖ മുൻ പ്രസിഡണ്ട് ടി.എ.മൊയ്തു എന്നിവരുടെ നിര്യാണത്തിൽ യോഗംഅനുശോചിച്ചു. പ്രസിഡണ്ട് ടി. ഇ. അബ്ദുല്ല ആധ്യക്ഷം വഹിച്ചു.ജനറൽ സെക്രട്ടറി എ. അബ്ദുൽ റഹ്മാൻ സ്വാഗതം പറഞ്ഞു. കല്ലട്ര മാഹിൻ ഹാജി, എൻ.എ. നെല്ലിക്കുന്ന് എം.എൽ.എ., വി.കെ.പി. ഹമീദലി, അസീസ് മരിക്കെ, കെ. മുഹമ്മദ് കുഞ്ഞി, വി.പി. അബ്ദുൽ ഖാദർ, വി.കെ. ബാവ, പി.എം. മുനീർഹാജി, മൂസബി.ചെർക്കള , എ.ജി.സി.ബഷീർ പ്രസംഗിച്ചു.

അനുശോചനവും പ്രാർത്ഥനാസദസും

ചെങ്കള: ചെങ്കള ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ടും മുസ്ലീം ലീഗ് കാസർകോട് നിയോജക മണ്ഡലം വൈസ് പ്രസിഡണ്ടുമായിരുന്ന സി ബി അബ്ദുല്ല ഹാജിയുടെ നിര്യാണത്തിൽ ചെങ്കള വാർഡ് മുസ്ലീ ലീഗ് കമ്മിറ്റിയുടെയും ശാഖ യൂത്ത് ലീഗ് കമ്മിറ്റിയുടെയും ആഭിമുഖ്യത്തിൽ സർവ്വ കക്ഷി അനുശോചനവും പ്രാർത്ഥനാ സദസ്സും നടത്തി. ഹാരിസ് ദാരിമി പ്രാർത്ഥനക്ക് നേതൃത്വം നൽകി. ബി എം ഖാദർ ആധ്യക്ഷം വഹിച്ചു.

അബ്ദുല്ലക്കുഞ്ഞി ചെർക്കള അനുസ്മരണ പ്രഭാഷണം നടത്തി. അനീഫ പാണലം, പുരുഷോത്തമൻ നായർ, ഷാഫി, കാദർ, ടി എം എ കരീം, എ എം ഖാദർ ഹാജി, അഹമ്മദ് കബീർ, എം എ എച്ച് മഹമൂദ് ഹാജി, കബീർ, എം എം നൗഷാദ്, ഹാരിസ്, സിബി ലത്തീഫ്, ഹനീഫ, എം അബ്ദുൽഖാദർ, സലാം, എ എം നിഷാദ്, സുനൈഫ് എം എ എച്ച്, മഹ്റൂഫ്, മുനവ്വിർ, കാദർ, റഹീംതാജ്, ജാസിർ, സിനാൻ സിബി, നിഹാദ്, സുബൈർ എന്നിവർ സംസാരിച്ചു.

സി.പി.എമ്മിന്റെ ആന്തരിക തകർച്ച യു.ഡി.എഫിന് ഗുണമാവും: സി.പി ജോൺ

കാഞ്ഞങ്ങാട്: സ്വർണ്ണക്കടത്ത് കേസിലും ബിനീഷ് കൊടിയേരി വിഷയത്തിലും ഉഴലുന്ന സി.പി.എമ്മിന്റെ ആന്തരിക തകർച്ച പഞ്ചായത്ത് തിര ഞ്ഞെടുപ്പിൽ യു.ഡി.എഫിന് ഗുണമാവുമെന്ന് സി.എം.പി സംസ്ഥാന ജന.സെക്രട്ടറി സി.പി ജോൺ അറിയിച്ചു. ശത്രുക്കൾ പോലും കരുതുന്നതിനപ്പുറമുള്ള പ്രതികൂലമായ അവസ്ഥയിലാണ് ഇപ്പോൾ സി.പി.എം ഉള്ളത്. സി.പി.എം തീർത്തും ഒറ്റപ്പെട്ടു. ഈയൊരു അവസ്ഥയിൽ ദു:ഖമുണ്ട്. സി.പി.എം ഏജൻസി, കൺസട്ടൻസി, കമ്മീഷൻ പാർട്ടിയായി അധ:പതിച്ചു. ബിനീഷ് കൊടിയേരി രാഷ്ട്രീയ ജീർണ്ണതകളു ടെ പര്യായമാണ്. ബിനീഷിന് പാർട്ടി ബന്ധമില്ലെന്ന് സി.പി.എം കള്ളം പറയുകയാണ്. ടി.പി കൊലക്കേസ് പ്രതിയായ കുഞ്ഞനന്തന്റെ മൃത ദേഹത്തിന് തിരുവനന്തപുരം മുതൽ വടകര വരെ അകമ്പടി പോയ പാർട്ടി കേഡറാണ് ബിനീഷെന്നു അദ്ദേഹം കൂട്ടിച്ചേർത്തു.

കാൺമാനില്ല

കാസർകോട്: കള്ളാർ പൂടംകല്ലിലെ ചെമ്പന്നിയിൽ വീട്ടിൽ മാത്യുവിന്റെ മകൻ സജി സി എം (44) എന്നയാളെ നവംബർ ഒമ്പത് മുതൽ കാൺമാനില്ല. പരിയാരം വിളയങ്കോടുള്ള ഭാര്യ വീട്ടിലേക്ക് പോകുകയാണെന്ന് പറഞ്ഞ് വീട്ടിൽ നിന്നിറങ്ങിയതിന് ശേഷമാണ് കാണാതായത്. കണ്ടെത്തുന്നവർ രാജപുരം പൊലീസ് സ്റ്റേഷനിൽ അറിയിക്കണം. ഫോൺ: 04672 224029.

കേരളത്തിലെ പ്രശസ്ത ജ്യോതിഷ്യൻ
ശ്രീ പണ്ഡിത് കെ.എസ്.മൂർത്തി
ഇലക്ട്രിസിറ്റി ഓഫീസിനു സമീപം, ശ്രീ ഗോപാലകൃഷ്ണ ക്ഷേത്രം റോഡ്, കുമ്പള
M.9447650938, 09449718819
ശ്രീദേവി കുട്ടിച്ചാത്തൻ, ദിവ്യദൈവശക്തി, മന്ത്രശക്തി, അഷ്ടമംഗല്യ പ്രശ്നചിന്ത, ഫോട്ടോ നോക്കി ഫലം പറയൽ എന്നിവയ്ക്കും ദു:ഖനിവാരണം, വിദ്യ, ഉദ്യോഗം വിദേശയാത്രകൾ, വിവാഹം, സ്ത്രീ-പുരുഷബന്ധം, ദാമ്പത്യപ്രശ്നങ്ങൾ, ലൈംഗിക പ്രശ്നങ്ങൾ, മാട്ടം, ഭയം തുടങ്ങിയ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം.
NB: ബുക്കിംഗിന് ഫോണിൽ ബന്ധപ്പെടാം.
വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതായിരിക്കും.

Vol -27, Issue No -217 Edited, Printed and Published by S.Raju at Karaval Daily for Mother Graphics, B-3 Industrial Estates, Vidyanagar, Kasaragod, 671123, Kerala, News: **256225, Office: 256751, 255322, Circulation: 255725, Res:223237** P.B No: 26, E-Mail: karavaldaily@hotmail.com